
തരംഗ് – 2020
GHSS PEZHAKKAPPILLY
KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION

# ഹൈടെക് ആകുന്ന ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ പേഴക്കാപ്പിള്ളി



# ആശംസകൾ

2017-18 മുതൽ ഞങ്ങളുടെ സ്കൂളിൽ ഐ ടി അഭിരുചിയുള്ള കുട്ടികൾക്ക് അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും സാങ്കേതിക വിദ്യ യിൽ മികവ് തെളിയിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കൈറ്റ് സംരംഭമായ '**ലിറ്റിൽ കൈറ്റ്സ്**' യൂണിറ്റ് മികവുറ്റ രീതിയിൽ പ്രവർത്തിച്ചു വരുന്നു.ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്കും എല്ലാ വിധ ആശംസകളും നേരുന്നു.



മനോജ് കുമാർ

ഹെഡ്മാസ്റ്റർ

# ആശംസകൾ

പേഴക്കാപ്പിള്ളി ലിറ്റിൽ കൈറ്റ്സ് സംരംഭമായ

ഡിജിറ്റൽ മാഗസിൻ 'തരംഗ് 2020' ന് എല്ലാ

വിധ ആശംസകളും നേരുന്നു.



സി കെ ബഷീർ

പി റ്റി എ പ്രസിഡന്റ്

# ആശംസകൾ

**വിവര സാങ്കേതിക രംഗത്ത് കുട്ടികളെ മികവുറ്റവരാക്കാനുള്ള പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നവസംരംഭമായ ലിറ്റിൽ കൈറ്റ്സിന്റെ അശ്രാന്ത പരിശ്രമമായ തരംഗ് 2020** എന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും..............

സബിത **P.E**
**SITC**

സുല്ഥ മീരാൻ &റഹ്മത്ത് **P.M**
**KITE MISTRESSES**

# Editorial board members

muhammed aslam
Beema Beevi
**saliha ka**

Shahana Shameer

Sahadiya T.y

Sumayya P.A

Khadeeja Ismayil

Fathima Ebrahim

Fathimathu Sahala

Fathima Jannath

Majidha Nishad

Aisha Beevi Ali

Aisha K.N

Aisha Mol P.s

Hannath K Muhammed

# RELIEF FUND








# Birth of an Insane



***By STALINA (UPSA)***

***The unborn poems***
***With their tiny beaks***
***Peck at her hair.***

***At the workplace or in the traffic,***
***Waiting in the queue***
***Or shopping,***
***Whenever she tries to be normal***
***Dark cuckoos***
***Sing aloud from her bosom***
***And she fails once again.***

***Any given moment she rides***
***On a wave of happiness.***
***Next moment drags her way***
***Through a sewer of sorrow.***

***At the bookshop***
***She forgets herself***
***While those who pass by wonder***
***Looking at her feet***
***As she floats in the air.***

***At times in the rush hour***
***She feels lost.***
***Another time***
***She feels like a militant***
***Passing on a coded message.***

***Lynched for being a woman***
***Is a 'punishment' awaiting her***
***In the country she lives in.***
***Yet she smiles***
***As nobody can conquer***
***Her revolting soul.***

***She is an insane***
***With the wild scent***
***Of an untamed wind.***
***Traversing the crevices of earth***
***And soaring above the clouds In the sky.***



...nam.com

മാധ്യമം
2018 സെപ്റ്റംബർ 16 ● ഞായർ

## പേഴക്കാപ്പിള്ളി ഗവ. സ്കൂൾ

# പഴയ കെട്ടിടങ്ങൾ ഓർമയാകുന്നു

● ലാറി ബേക്കർ മാതൃകയിൽ നിർമിച്ച കെട്ടിടവും പൊളിക്കും

**മൂവാറ്റുപുഴ:** നിയോജക മണ്ഡലത്തിൽ ആദ്യ ഹൈടെക് സ്കൂളായി പ്രഖ്യാപിച്ച പേഴക്കാപ്പിള്ളി ഗവ. ഹയർസെക്കൻഡറി സ്കൂളിലെ നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി സ്കൂളിലെ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റും.

1951ൽ നിർമിച്ച ഹയർ സെക്കൻഡറി ലാബ് പ്രവർത്തിക്കുന്ന കെട്ടിടവും 1977ൽ നിർമിച്ച എൽ.പി വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടവും 1994ൽ നിർമിച്ച ലാറി ബേക്കർ കെട്ടിടവുമാണ് പൊളിച്ചുമാറ്റുന്നത്. സ്കൂൾ പൊളിച്ചുമാറ്റുന്നതിനുള്ള ലേലം കഴിഞ്ഞ ദിവസം നടന്നു. ഇവിടെ പ്രവർത്തിച്ചിരുന്ന ക്ലാസ് മുറികൾ മറ്റ് മന്ദിരങ്ങളിലേക്ക് മാറ്റും. അടുത്ത ദിവസം തന്നെ സ്കൂൾ കെട്ടിടം പൊളിക്കൽ ആരംഭിക്കും.

നിർമാണ പ്രവർത്തനങ്ങൾക്ക് 6.95 കോടിയുടെ പദ്ധതിക്കാണ് കിഫ്ബി അംഗീകാരം ലഭിച്ചത്. പദ്ധതി നിർവഹണ ഏജൻസിയായ വാപ്കോസ് 6.95 കോടിയുടെ പ്രോജക്ട് റിപ്പോർട്ടാണ് തയാറാക്കിയത്. അഞ്ചുകോടി സംസ്ഥാനസർക്കാറും 1.95 കോടി എം.എൽ.എ മണ്ഡലത്തിൽ നടപ്പാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയായ വിദ്യാജ്യോതി പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ബാങ്കുകൾ, സഹകരണ സംഘങ്ങൾ, വിവിധ സംഘടനകൾ, വ്യക്തികൾ എന്നിവരിൽനിന്ന് സ്വരൂപിച്ച് നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് തീരുമാനം.

സ്കൂൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി നിലവിലെ കാലപ്പഴക്കംചെന്ന കെട്ടിടങ്ങൾ പൊളിച്ചുനീക്കി പുതിയ കെട്ടിടങ്ങൾ നിർമിക്കും. സ്കൂളിലെ ഓരോ കെട്ടിടവും തമ്മിൽ ബന്ധിപ്പിച്ചുള്ള നിർമാണ പ്രവർത്തനങ്ങളാണ് നടക്കുന്നത്.

ഇതിന് നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തും. ഓരോ നിലയിലും പ്രത്യേകം ശൗചാലയങ്ങൾ നിർമിക്കും. ക്ലാസ് മുറികളെല്ലാം സ്മാർട്ട് ക്ലാസ് റൂമാക്കി മാറ്റും. ഇതിനുപുറമെ മാലിന്യ സംസ്കരണ പ്ലാന്റും സജ്ജമാക്കും. ആധുനിക രീതിയിലുള്ള പാചകപ്പുരയും ഒരുക്കും. ആധുനിക ടെക്നോളജിയിൽ രൂപപ്പെടുത്തിയ സ്കൂൾ കവാടം നിർമിക്കും.

മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ അതിപുരാതന സ്കൂളുകളിലൊന്നാണ് പേഴക്കാപ്പിള്ളി സർക്കാർ സ്കൂൾ. 1951ൽ എൽ.പി സ്കൂളായിട്ടാണ് പ്രവർത്തനമാരംഭിച്ചത്. 1970ൽ യു.പി സ്കൂളായും 1980ൽ ഹൈസ്കൂളായും 2004ൽ ഹയർസെക്കൻഡറി സ്കൂളായും ഉയർത്തി.

അംഗൻവാടി, പ്രൈമറി സ്കൂൾ അടക്കം ഹയർ സെക്കൻഡറി വരെയുള്ള സ്കൂളിൽ 800ഓളം വിദ്യാർഥികളും 60ഓളം അധ്യാപകരും അഞ്ച് ഇതര ജീവനക്കാരുമുണ്ട്.

മൂന്ന് ഏക്കറോളം സ്ഥലം സ്വന്തമായുള്ള സ്കൂളിൽ നിലവിൽ പുതിയതും പഴയതുമായി ആറ് കെട്ടിടങ്ങളാണുള്ളത്. പായിപ്ര പഞ്ചായത്തിലെ ഏക ഗവ. ഹയർസെക്കൻഡറി സ്കൂളാണിത്.

*പേഴക്കാപ്പിള്ളി ഗവ. സ്കൂളിലെ പൊളിച്ചുമാറ്റുന്ന കെട്ടിടം*



Nafla shaji 10 B

# സുന്ദരകേരളം

കേരളം വളർന്നീടട്ടെ
കാടുകളും പുഴകളും നിലനിൽക്കട്ടെ
മനുഷ്യർ വാണീടട്ടെ സ്നേഹവും ഐക്യവും തുടരട്ടെ
അവകാശങ്ങൾ ഉണർന്നീടട്ടെ
അക്രമങ്ങളും അനീതികളും നശിക്കട്ടെ
ജാതി മത ഭേദമില്ലാതിരിക്കട്ടെ
സന്തോഷവും സമാധാനവും നിലനിൽക്കട്ടെ

നന്മകൾ ഉയർന്നീടട്ടെ
തിന്മകൾ തകർന്നീടട്ടെ
കേരളം വളർന്നീടട്ടെ

# CHILD LABOUR

Hope full eyes ,happy smiles
soft hands million dreams
Is this not the identify of a child.

Then why do I see
Tear filled eyes terrified faces
Rough hands,and shatter dreams

Deprived of their childhood
over loaded with work
Burdend with responsibility
At such a young age.

VIJAY RAVI IX A

# കുക്കുവും വിക്കുവും

ഒരു ദിവസം കുക്കുവും വിക്കുവും കാടിനടുത്തുള്ള ഒരു ഗ്രാമത്തിൽ എത്തി.അവിടെ അവർ ഒരു കോഴികൂട് കണ്ടു."ഹയ്യട, അതിൽ കോഴിമുട്ട കാണും" വിക്കു പറഞ്ഞു."വിക്കൂ.. അങ്ങോട്ടൊന്നും പോകണ്ട.അത് അപകടമാണ്" കുക്കു അവനെ തടയാൻ നോക്കി എന്നാൽ വിക്കു അത് കേട്ടില്ല.അവൻ ആരും കാണാതെ കോഴിക്കൂട്ടിൽ നിന്ന് ഒരു കോഴിമുട്ട എടുത്തു.എന്നാൽ മുട്ടയുമായി ഓടാൻ തുടങ്ങുമ്പോൾ വിക്കു ഒരു കല്ലിൽ തട്ടി "പ്ധിം" എന്നു വീണു.

ശബ്ദം കേട്ട് ആളുകൾ വടിയുമായി തല്ലാൻ വന്നു. വിക്കു ഒരു വിധത്തിൽ എഴുന്നേറ്റ് ഓടി രക്ഷപ്പെട്ടു.

Jannath.

# വയലും പുഴയും

വയലും പുഴയും കടന്നു പോവാം.

കടലിൽക്കടലിൽ പകർന്നു പോകാം.
പഴയകാലത്തു കൊളംബസ്സു പോയപോൽ

പുതിയലോകങ്ങൾ തിരഞ്ഞുപോകാം.

നമ്മൾ പുതുവാനപട്ടങ്ങൾ തേടിപ്പോകാം.

By
Sana Fathima.

# EXPERT CLASS



# GREAT GRANDMA

Teacher,one day, asked the students to talk about their dreams.

Tara said, “I dreamed about a monkey that jumped in through the window. It stole bananas from the basket. I shouted 'go away' and my dream was gone.” Everyone laughed.

Sunil said; “I dreamed about going to a chocolate factory and eating lots and lots of chocolates. I got up feeling very happy.”

“What a nice dream,” said everybody.

Jaya said, “I dreamed about my great grandma”

“What kind of a dream was it?” the students asked.

Jaya said, “I sat on her lap and she told me that she cried a lot when she was a baby.”

“Baby great grandma? How funny,” said the students and giggled. Jaya continued,

“When she was six years old, she went to school. Her

school was very far away. But there were no buses in her village and she walked, laughing and talking with her friends. She wore only slippers. “The students listened with interest. Jaya continued, “Then she told me that she got married at the age of 16.”

She said that she milked the cow, cleaned the house, bathed at the well and cooked a lot of foods for 12 people in the house”

“What a lot of work. Poor great grandma,” said the children.

“Great grandma went away with a smiling face and my dream ended,” said Jaya

“Can you tell us something more about your great grandma?”

“Great grandma liked all of us very much. She liked everybody and everybody who liked her.

She always had a smiling face and did good to everyone around her. 'You should not cry when I die' she told us. So we quickly wiped our tears when she died and did a great puja for her.”


"All of us must learn to live like Jaya's grandma," Teacher said and the children nodded.

ABHINAV SURESH

# HOPE FULL EYES

*Hope full eyes,happy smiles,*
*soft hands,million dreams is this not the identity of a child*
*The why do I see*
*Tear tilled eyes.*
*Terrified faces Rough hands,*
*and shattered dreams*
*Deprived of their child hood*
*over loaded with work*
*Burdened with responsibility*
*At such a young age.*
*So much to learn*
*So much to accomplish*
*But not given enough time*
*Fight for a cause*
*Raise your voice stop child labour.*
*Put a smile back on their face*
*Give them the childhood.*
*That was stolen from them fight for a causes*
*Raise your voice*
*stop child labour.*

*RAHMATH P.M*
*HSA English*



Nadhiya Sameer

# Mama hen celebrates a special day

Mama hen had two little chicks named cuty and beauty.
One morning ,when cuty and beauty woke up ,they heard mama hen working busily in the kitchen. What happened pecks
outside at this time. What happened today? Beauty and cuty
both of them ran to the kitchen mama was busy preparing something in a bowl.

“Good morning my dear chicks. Go and take bath.” “ok mama we are going to bath.” cuty and beauty finish their bath and ran to mama. Mama please tell me what is special to day?Ok.Close your eyes mama go the kitchen took the cand ready open your eyes wow.... today is your first birthday.

Mama hugged and kissed her chicks.

# My School

When I went to school One day
I thought I will have thousand friends
But it took me so long,
To find a real nice friend
When I wend to school one day
I had a thousand questions to raise
But my teachers did have as many
Yet some of them wear mine.
When I leave my school some day
I will be a child no more.
But I will leave with her childish ways
(she may like it who knows)
And carry fond memories

"WHERE THERE'S A WILL,
THERE'S A WAY"

By:Mathew Thomas (Retd HSA)



AYSHA K.A 9A

# SING , LITTLE BIRDIE

sing , little birdie, sing
on topmost branches high!
And when thou spreadst thy airy wing,
Let not the sweet notes die.

But longer , louder be,
until the echoes ring
that hide away where none may see,
but only hear them sing.

Methinks that i could stay
Forever with thee here,
And list thy strain the livelong day,
Forgetting sorrow's tear.

# STEPHEN WILLIAM HAWKING



Stephen William Hawking is a great physicist known for his Work regarding black holes in space. He has authored several popular science books. Even at an early age, Hawking showed a passion for Science and Astronomy.

At the age of twenty one studying at Cambridge, he was diagnosed with a serious disease. Gradually, he became entirely paralysed and his life got confined to a Wheel chair. Despite his illness, he has done ground – breaking work in Physics and Astronomy.

FIDHA FATHIMA

5B

# *THE DUTIES OF A CITIZEN.*

*We are celebrating our 60th year of independence.*
*But even now,We don't know what are the duties of a citizen.*

*The word “citizen” comes from the Latin word' dives', which means the inhabitant of a city today 'citizen' means a 'native' or naturalized member of a sovereign state or nation.*

*Every citizen has many duties towards his country.*
*He has also many rights. Most citizens are aware of their rights,and demand these rights vociferously and sometimes even violently. But a great many are reluctant to discharge their duties towards their country.*

*The most important duty of a citizens is loyalty to his country. One who loves his country will naturally be loyal to it. One who is disloyal to his country is regarded as a traitor. One who lovers his country and is loyal to it is called patriot. The word patriot comes from the Latin word 'patria' which means ' fatherland.'*

*In India we call our country motherland Both the words , 'fatherland ' and 'motherland ' emphasize our duty to love and to be loyal to our country.*

*A true patriot always serves his country faithfully.*
*If his country is attacked by a hostile power he will be ready even to sacrifice his life in defence of its freedom*
*and independence.*

*Naturally a patriotic citizen obeys the laws of his country. But if he considers a law unjust, he has the right to seek its amendment or repeal through constitutional means. A responsible citizen should take an intelligent interest in politics in order to serve his country letter.*

*For educated Indians. This is a very important duty today, because nearly 500- millions of our countrymen are still ignorant, and live in the midst of poverty and squalor.*

*They can be uplifted, gradually at least, through political action, and devoted social service.*

*All educated Indian citizens should take part willingly and happily in this magnificiant enterprize.*

***“Swaraj is my birth right”***

**ജൈവ പച്ചക്കറി കൃഷി**








Once there was a lion in the forest.His great head  was resting on his paws.A timid little mouse came upon him unexpecetedly and in her fright and haste to get away ran across the lion's nose. woken from his nap the lion laid huge paw angrily on the tiny Creature to kill her.

BEEMA II A



Alfiya Noushad 9A

# स्वतन्त्रता दिवस ( 15 आगस्त)




स्वराज्य प्रत्येक व्यक्ति का जन्मसिद्ध आधिकार है। उसी प्रकार स्वतन्त्रता प्रत्येक देश का यह स्वभाविक आधिकार है। हमारे देश भारत को अपना यह स्वाभाविक आधिकार 15 आगस्त 1947 को मिला।

इसीप्रकार इसकी याद में हम प्रतिवर्ष 15 आगस्त को स्वतन्त्रता दिवस मनाते हैं। १५ आगस्त हमारा एक राष्ट्रीय त्योहार है। यह त्योहार पूरे देश में प्रत्येक व्यक्ति धूम- धाम से मनाता है। इनकेलिए अनेक नताओं ने समयानुसार आन्दोलन चलाया। इनमें मुख्य नाम है :- लाला लजपतराय, बिपिन चन्द्रपाल, लोक

मान्य बाल गंगाधर तिलक, मोहनदास करम चन्द गांधी,
पं. जवहरलाल नेहरु, सरदार वल्लभाई पटेल, सुभाष
चन्द्र बोस, श्रीमति सरोजिनी नायिडु, सरदार भगत्सिंह,
चन्द्र शेखर आजाद आदि ।

हमें समझ लेना चाहिए कि स्वन्त्रता हमारे जीवन की सब्से अधिक मूल्यवान वस्तु है ।

हमको स्वतन्त्रता प्राप्ति केलिए बहुत बालिदान करनें पडे है । हमें भविष्य को उज्ज्वल बनाने का संकल्प करना चाहिए । उस दिन आयोजित कार्यक्रमों को पूरे उत्साह और मस्ती के साथ भाग लें और उसे सफल और सार्थक बनायें ।

# മികവുകളിലൂടെ..............................



കവിത ടീച്ചറുടെ നേതൃത്വത്തിൽ തയ്യൽ പരിശീലനം



# അഹങ്കാരം നല്ലതല്ല

ശ്രീലങ്ക എന്ന ഒരു ഗ്രാമത്തിൽ ഒരു കുസൃതിക്കാരനായ ഒരു കുട്ടിയുണ്ടായിരുന്നു.
അവന്റെ പേര് രാമു എന്നാണ്. രാമു എപ്പോഴും എല്ലാകുട്ടികളെയും ഉപദ്ര-
വിക്കും.
ഒരു ദിവസം രാമു കളിക്കാനായി പുരത്തിറങ്ങിയപ്പോൾ മഞ്ഞു പോകു-
ന്നത് അവൻ കണ്ടു.
മഞ്ജു വിനെ കല്ലെറിയാൻ രാമു നോക്കി. പക്ഷേ... രാമുവിന്റെ അമ്മ ഇത് കണ്ടു
കൊണ്ടുവന്നു.
. പക്ഷേ ഒരു ദിവസം രാമു മഞ്ജുവിനെ കല്ലെറിഞ്ഞു.
ഇതറിഞ്ഞ രാമുവിന്റെ അമ്മ രാമുവിനെ ഒരുപാട് തല്ലി.
പിന്നെയൊരിക്കലും രാമു ആരെയും ഉപദ്രവിച്ചിട്ടില്ല.

JUNAID K.J IXB

ASFINA MAMMU XB

# ഒരു ഗുജറാത്തിക്കവിത

*ഗാന്ധിജിയുടെ ചിന്തയേയും ഹൃദയത്തെയും സ്വാധീനിച്ച 'തിൻ മയ്ക്കു പകരം നൻമചെയ്യൂ' എന്ന ആശയം ഉൾക്കൊള്ളുന്ന ഒരു ഗുജറാത്തി കവിത പ്രസക്ത ഭാഗം .*

ഒരു മൊന്ത തരുന്നവർക്കായ്
ഒരു നല്ല ഭോജനം നൽകിടേണം.

ഒരുവൻ നിൻമുന്നിൽ തലകുനിച്ചാൽ
അവരുടെ കാൽക്കൽ നീ വീണിടേണം.

വെറുമൊരു കാശു നിനക്കുതന്നാൽ
പകരം നീ നൽകേണം സ്വർണനാണ്യം.

ഒരുവൻ നിൻ ജീവനു രക്ഷ ചെയ്താൽ

അറിവുള്ളോരെന്നാലോ തപസ്സിൽ

വചനത്തിൻ കർമ്മത്തിലാകമാനം.

ചെറിയോരു സേവനം ചെയ്തവർക്കായ്

ഉപകാരം ചെയ്യുന്നു പത്തിരട്ടി.

ശരിയെന്നാലുത്തമ പൂരുഷമാർ മനുജരെയൊ-

ന്നാകെ കാൺകയാലെ .

അപരന്റെ തിന്മയ്ക്കു നൻമ മാത്രം.

പകരമായ് ചെയ്യുന്നു മോദപൂർവ്വം.



# കമ്പ്യൂട്ടർ

കണക്കു കൂട്ടും കമ്പ്യൂട്ടർ
കത്തെഴുതും കമ്പ്യൂട്ടർ
എന്റെ മാത്രം കമ്പ്യൂട്ടർ
എന്റെ സ്വന്തം കമ്പ്യൂട്ടർ
എലിപോലുള്ളൊരു മൗസുണ്ട്
മൗസിനടിയിൽ ലൈറ്റുണ്ട്
തൊട്ടുകൂട്ടാൻ കമ്പ്യൂട്ടറിന് കീ ബോർഡ്
എന്തിനി വേണം കമ്പ്യൂട്ടറിന്
എല്ലാമുള്ളൊരു കമ്പ്യൂട്ടർ
എനിക്കുള്ളൊരു കമ്പ്യൂട്ടർ

By;

Aisha Beevi Ali
9A

# കലാ കാലം ബിനാലെക്കാലം

അറബിക്കടലിന്റെ റാണിയിപ്പോൾ പതിവിലും സുന്ദരിയാണ്, പ്രൗഢയാണ്.

ഇതാ...വർഷത്തിലൊരിക്കൽ കൊച്ചിയെ തേടി

വിരുന്നെത്തുന്ന കലാവസന്തം ഇതാ വന്നണഞ്ഞിരിക്കുന്നു.

അതെ, കൊച്ചി മുസ്രിസ് ബിനാലെ

എന്ന കലയുടെയും സംസ്കാരത്തിന്റെയും

രത്നക്കല്ലുകൾ ഒന്നുചേർന്ന് ഈ റാണിയുടെ

ശിരസ്സിലെ കിരീടത്തിന് ശോഭ വർധിപ്പി-ച്ചിരിക്കുന്നു.

ഇനിയുള്ള ദിനങ്ങൾ കലയുടെയും കൗതുകക്കാഴ്ചകളുടെയും ചിറകിലേറി

കൊച്ചി സഞ്ചരിക്കും,ഒപ്പം ലോകത്തിന്റെ വിവിധ

കോണുകളിൽനിന്നെത്തിയ കലയെ

ഹൃദയത്തിൽ സൂക്ഷിക്കുന്ന പതിനായിരങ്ങളും

.....കലയ്ക്ക് അതിരുകളോ മതിലുകളോ ഇല്ലെന്ന്

ഉറക്കെവിളിച്ചുപറയുകയാണ്

ഈ കലാവസന്തം. ചിത്രത്തിനും ശിൽപത്തിനും ഇൻ

സ്റ്റലേഷനും സർഗാത്മക ആശയങ്ങൾ ക്കുമപ്പുറം പാട്ടും

നൃത്തവും സംവാദവും ഇനി ഏറെനാൾ ഫോർട്ട്

കൊച്ചിയുടെയും  മട്ടാഞ്ചേരിയുടെയും തെരുവുകളിലൂടെ

ഒഴുകിനീങ്ങും.

കലയുടെയും സർഗാത്മകതയുടെയും

വിളംബരമാണ്ബിനാലെ. നമുക്ക്സങ്കൽപ്പിക്കാൻ പോലും

കഴിയാത്ത ആഴമേറിയ കലാസൃഷ്ടികളും ഈ

കലാമാമാങ്കത്തിൽ വേണ്ടുവോളമുണ്ട്.പല നാട്ടുകലിൽ

നിന്നെത്തിയ കലാകാരന്മാർ തങ്ങളുടെ കഴിവ്

കലാപ്രേമികൾക്ക് മുന്നിൽ പരിചയപ്പെടുത്തുമ്പോൾ

കാണാതെ മാറി നിൽക്കുന്നതെങ്ങനെ........................

Farha Shameer XB

# കേരളം

## . കലകൾ

കേരത്തിലെ ഏറ്റവും പ്രസിദ്ധമായ കലാരൂപം കഥകളിയാണ്. ടോടർ തീയറ്റർ എന്ന് പാശ്ചാത്യർ വിശേഷിപ്പിച്ച കലാരൂപം കൂടിയാണ് കഥകളി. കൊട്ടാരക്കര തമ്പുരാനാണ് കഥകളിയുടെ ഉപജ്ഞാതാവ്. ചെണ്ട , മദ്ദളം , ചേങ്ങില , ഇലത്താളം , ശംഖ്, എന്നീ പഞ്ചവാദ്യങ്ങളും പച്ച , കത്തി , കരി , തടി , മിനുക്ക് എന്നീ വേഷങ്ങളും കഥകളിയിൽ ഉപയോഗിക്കുന്നു.

യുനെസ്കോ അംഗീകാരം നേടിയ കലാരൂപമാണ് കൂടിയാട്ടം . മാനവരാശിയുടെ പൈതൃകകലയായി കൂടിയാട്ടത്തെ യുനെസ്കോ അംഗീകരിച്ചു .

ശ്രീകൃഷ്ണ കഥ സമ്പൂർണമായി ആവിഷ്കരിച്ച ഏക കലാരൂപമാണ് കൃഷ്ണനാട്ടം. കോഴിക്കോട് സാമൂതിരിയായിരുന്ന മാനവേദൻ രചിച്ച കൃഷ്ണ ഗീതി എന്ന സംസ്കൃത കാവ്യ

***ത്തിന്റെ ദൃശ്യാവിഷ്ക്കാരമാണ് കൃഷ്ണനാട്ടംഎന്ന കലാരൂപം .***

***കേരളത്തിന്റെ പ്രധാന നൃത്തകലാ- രൂപമാണ് മോഹിനിയാട്ടം .സ്വാതി തിരുനാൾ മഹാരാജാവാണ് മോഹിനിയാട്ടത്തെ ഏറെ പ്രോത്സാഹിപ്പിച്ചത്.***

## ഫോക്കസ്

***ജില്ലകൾ : 14***

***വലിയ ജില്ല : പാലക്കാട്***

***ചെറിയ ജില്ല : ആലപ്പുഴ***

***ജില്ല പഞ്ചായത്തുകൾ :14***

***ബോക്ക് പഞ്ചായത്തുകൾ :152***

***ഗ്രാമ പഞ്ചായത്തുകൾ :941***

***റവന്യൂ ഡിവിഷനുകൾ :1634***

***താലൂക്കുകൾ :75***

***നഗരസഭകൾ :87***

***നിയമസഭകൾ :140***

***ലോക്സഭ മണ്ഡലങ്ങൾ :20***

***രാജ്യസഭ സീറ്റുകൾ :9***

## • സംസ്ഥാനത്തെ ദേശീയ പാതകൾ

***NH66(പഴയത് NH17) പനവേൽ - കന്യാകുമാരി***

***NH544(NH47) സേലം- എറണാകുളം***

***NH766(NH212) കോഴിക്കോട്- മൈസൂരു***

***NH744(NH208) തിരുമംഗലം- കൊല്ലം***

***NH183(NH220) ഡിണ്ടിഗൽ- കൊട്ടാരക്കര***

***NH85(NH49) കൊച്ചി ടൃൻറി- പോയന്റ്***

***NH966(NH213) ഫറോക്ക്- പാലക്കാട്***

***NH966A(NH47C) കളമശ്ശേരി- വല്ലാർപാടം***

***NH966B(NH47B) കുണ്ടന്നൂർ- വെല്ലിങ്ടൺ***

## • സർവകലാശാലകൾ

***കേരള സർവകലാശാല- തിരുവനന്തരം(1937)***

***കാലിക്കട്ട് സർവകലാശാല- മലപ്പുറം(1968)***

***കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല-***

***എറണാകുളം( കുസാറ്റ്)(1971)***

***മഹാത്മഗാന്ധി സർവകലാശാല - കോട്ടയം(1983)***

***കാർഷിക സർവകലാശാല- തൃശ്ശൂർ(1971)***

***ശ്രീ ശങ്കരാചാര്യ സർവകലാശാല- കാലടി(1993)***

***കണ്ണൂർ സർവകലാശാല- കണ്ണൂർ(1996)***

മലയാളം സർവകലാശാല(2012)

- ## ഔദ്യോഗികം

സംസ്ഥാന വൃക്ഷം : തെങ്ങ്

മൃഗം : ആന

മത്സ്യം : കരിമീൻ

പാനിയം : ഇളനീർ

പക്ഷി : വേഴാമ്പൽ

പുഷ്പം : കണിക്കൊന്ന

- ## വിദ്യാലയം

2009 മുതൽ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ആണ് S S A ക്ക് പകരം നടപ്പാക്കിയ വിദ്യാഭ്യാസ പദ്ധതി. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതിയാണ്

റൂസ. വിക്ടേഴ്സ്

ചാനലാണ് സ്കൂൾ കുട്ടികൾക്ക് മാത്രമുള്ള വിദ്യാഭ്യാസ ടി വി ചാനൽ .

## • ജന സംഖ്യ

ജന സംഖ്യ :3 കോടി 34 ലക്ഷം

ജന സാന്ദ്രത :860/ച.കി.മി

സ്ത്രീ പുരുഷ അനുപാതം :1084/1000

സാക്ഷരത : 94 ശതമാനം

ജന സംഖ്യ കൂടിയ ജില്ല :മലപ്പുറം

കുറവ് :വയനാട്

ജനസാന്ദ്രത കൂടുതൽ :തിരുവനന്തരം

കുറവ് :ഇടുക്കി

നഗരവാസികൾ കൂടുതൽ :എറണാകുളം

കുറവ് :വയനാട്

പ്രതിശീർഷവരുമാനം കൂടുതൽ :എറണാകുളം

സാക്ഷരത കൂടുതൽ :കോട്ടയം

കുറവ് :വയനാട്

## • സാംസ്കാരിക സ്ഥാപനങ്ങൾ

കേരള സാഹിത്യ അക്കാദമി : തൃശ്ശൂർ

ലളിതകല അക്കാദമി : തൃശ്ശൂർ

സംഗീത നാടക അക്കാദമി : തൃശ്ശൂർ

കേരള കലാമണ്ഡലം : ചെറുതുരുത്തി

ചലചിത്ര അക്കാദമി : തിരുവനന്തപുരം

നാടൻകല അക്കാദമി : കണ്ണൂർ

ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് : തിരുവനന്തപുരം

*By: Saina Naseer IX B*

അന്തിമയങ്ങുംനേരത്ത്
ആകാശത്തിരുമുറ്റത്ത്
ആളില്ലാത്തൊരു ചെറുതോണി
ആരുടേതാണീ ചെറുതോണി

## മുട്ടയിട്ടകോഴി

നാട്ടുകോഴിയിട്ടമുട്ട കാട്ടുകോഴി കട്ടു.
കട്ടെടുത്ത മുട്ടയെട്ടും കാട്ടുകോഴി വിറ്റു.
മുട്ട വാങ്ങി നാട്ടുകോഴി അടയിരുന്നു മുട്ടേൽ.
മുട്ടയെട്ടും പൊട്ടിവന്നു കുട്ടിയെട്ട് കീയോം...കീയോ...."

-നാദിയ സമീർ

# പായിപ്ര ഞങ്ങളുടെ പഞ്ചായത്ത്

*പ്രശാന്ത സുന്ദരമായ പായിപ്രപഞ്ചായത്ത് 1957-ൽ ആണ് രൂപം കൊണ്ടത്.*

*നീണ്ട 22 വർഷക്കാലം എ .എം ഇബ്രാഹിം സാ-*

*ഹിബ് ഈ പഞ്ചായത്തിന്റെ പ്രസിഡന്റ് ആയിരുന്നു .പിന്നീട്*

*5 വർഷം ശ്രീ .പി .വി . ഇബ്രാഹിം പ്രസിഡന്റായി*

*.*

*അതിനുശേഷം ശ്രീ .പി .എ .ബഷീർ ,ശ്രീ .ഒ .കെ മോഹൻ , ശ്രീ .പായിപ്ര കൃഷ്ണൻ ശ്രീമതി സീത സിജു എന്നിവരും പ്രസിഡന്റുമാരായി ഇരുന്നിട്ടുണ്ട്.*

*32.18 ചതുശ്ര കിലോമീറ്റർ ആണ് പഞ്ചായത്തിന്റ വിസ്തീർണ്ണം .മുളവൂർ ,വെള്ളൂർക്കുന്നം(ഭാഗികം) വില്ലേജുകൾ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു .*

*ഈ പഞ്ചായത്തിന്റെ അതിരുകൾ വടക്ക് അശമന്നൂർ,നെല്ലിക്കുഴി ,പടിഞ്ഞാറ് മഴുവന്നൂർ, വാളകം ,കിഴക്ക് കോതമംഗലം മുനിസിപ്പാലിറ്റി,*

*തെക്ക് മൂവാറ്റുപുഴ മുനിസിപ്പാലിറ്റി എന്നിവയാണ്.*

*ഇവിടത്തെ ജനസംഖ്യ ഏതാണ്ട്50000 ത്തോ-*

*ളം വരും . ഈ പഞ്ചായത്തിനെ 21 വാർഡുക-*

ളാക്കി തിരിച്ചിട്ടുണ്ട്. ജനസംഖ്യയിൽ പകുതിയിൽ കൂടുതലും

പുരുഷന്മാരാണ്.ഇവിടെ ഒരു എഞ്ചിനീയറിംഗ് കോളേജും ഒരു

ആർട്ട്സ് കോളേജും രണ്ട് ഹൈസ്കൂളും ഉണ്ട്. ഇലക്ട്രിസിറ്റി സബ്

സ്റ്റേഷൻ , ജലവിതരണകേന്ദ്രം,പലതരം കമ്പനികൾ എന്നിവ ഉണ്ട്.

ശബരിമല മേൽശാന്തിയായിരുന്ന ശ്രീ .രാമ-

ൻ നമ്പൂതിരിയും ധാരാളം സ്വാതന്ത്ര്യസമര സേ-

നാനികളും കഥകളിസംഗീതത്തിൽ പ്രഗത്ഭനായ

ശ്രീ തങ്കപ്പപ്പണിക്കരും സാഹിത്യ അക്കാ-

ദമിയുടെ സെക്രട്ടറിയായിരുന്ന ശ്രീ.പായിപ്ര

രാധാകൃഷ്ണനും പേഴയ്ക്കാപ്പിള്ളി സ്കൂളിന്റെ അ-

ഭിമാനമായ ഡോ .പി ബി സലിം I.A.S എന്നി -

വരെല്ലാം ഈ പഞ്ചായത്തിന്റെ അഭിമാന സ്തംഭങ്ങളാണ്

.മതസൗഹാർദ്ദം പുലരുന്ന പേഴയ്ക്കാപ്പിള്ളിയിൽ ധാരാളം

അമ്പലങ്ങളും പള്ളികളും മസ്ജിദുകളും നിലകൊള്ളുന്നു .

പോയാലിമലയും മുളവൂർ തോടും ഈ പഞ്ചായ- ത്തിന്റെ

പ്രകൃതിരമണീയത നിലനിർത്തുന്നു .

1.75 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ കഴിഞ്ഞ വർഷം

ഇവിടെ നടത്താൻ കഴിഞ്ഞു .

250 കുടുബശ്രീ യൂണിറ്റുകൾ ഇവിടെ ചിട്ടയോടെ പ്രവർത്തിക്കുന്നുണ്ട്.

ജന്നത്ത് IX A

# സ്വാതന്ത്ര്യ സമരഗീതങ്ങൾ

വരിക  വരിക സഹജരേ....

സഹന സമര സമയമായ്

കരളുറച്ചു കൈകൾ കോർത്തു

കാൽ നടയ്ക്കു പോക നാം.

(വരിക.....)

കൺതുറന്നു നോക്കുവിൻ

കൈകൾ കോർത്തിറങ്ങുവിൻ

കപട കുടില ഭരണകൂടമി

ക്ഷണം തകർക്കനാം.

(വരിക....)

ഉണരുവിൻ! എണീക്കുവിൻ

അണിനിരന്നുകൊള്ളുവിൻ!

രണത്തിനുള്ള കാഹളം

ശ്രവിച്ചിടിൻ മനോഹരം (വരിക....)

സ്വതന്ത്രമായ്, സ്വതന്ത്രമായ്

സ്വതന്ത്രമായി ഭാരതം!

സ്വതന്ത്രമായ് കേരളം

സ്വതന്ത്രമായ് സമസ്തവും

# മുന്നോട്ട്

**ഭാരത മാതാവു കേഴുന്നു കേൾപ്പിൻ**

**ദീനയായ് പുത്രവിയോഗ ശോകത്താൽ.**

**അക്രമത്തിനുപകരം ചോദിയ്ക്കാൻ**

**രക്തം തിളയ്ക്കുന്ന മക്കൾ നാമെല്ലാം.**

**കൈകോർക്കുക,സംഘടിക്കുക,**

**പോരുതീടുക,വിജയിക്കുക**

***By***
***Kadheeja Ismayil***

## വിരൽ തുമ്പിലിറ്റുന്ന വിത്തുകൾ

കറുത്ത മിന്നടലുകൾ
മരിച്ച കടലോർമ്മകൾ
ഉമിനീരിൽ
ഉപ്പുരസം
ചുവന്നിറങ്ങുമ്പോൾ
മരുസ്ഥലങ്ങളിൽ
രാത്രിയിലുയർക്കുന്ന
നീർത്തുള്ളികൾ
നെഞ്ചിൽ

മണൽച്ചുഴികളിലെ

മീൻ മുള്ളുകളിൽ
പിന്നേ പേരറിയാത്ത
എല്ലിൽക്കൂട്ടുകളിൽ
കുടുങ്ങിക്കിടക്കുന്ന
തണുപ്പാണ്

ഒടുങ്ങാത്ത വിശപ്പിന്നുത്തരമാകുന്നത്
തിളയ്ക്കുന്ന  ചൂട്ടുപൂക്കളാകുന്നത്
പൊഴിഞ്ഞു വീഴുമ്പോഴും
തുടിപ്പ് നട്ടുപോകുന്നത്.

നെറ്റിത്തടത്തിൽ
വേരുകൾ ചുളിഞ്ഞു
പുതഞ്ഞു കിടക്കുന്നു
വിത്തിന്റെ വഴികൾ
എത്രയോ കാലം
മരുപ്പച്ചയുടെ തുടക്കമാക്കാൻ
മാത്രം തണുപ്പുള്ളിൽ
കരുതി വെയ്ക്കുന്നു
തീൻ മേശയിൽ

തിരമാലകൾ
തുളുമ്പുന്ന കണ്ണുകൾ
കയ്പ്മാറാത്ത
പച്ചക്കുന്നുകൾ

പൊള്ളിച്ചെട്ടുത്ത
ചതുര നഗരങ്ങൾ
മധുരത്തിനായ്
ചതഞ്ഞുരുടൽ നീരും

കാഴ്ച്ചക്കപ്പുറം
കനലടങ്ങാത്ത
വിയർപ്പിൽ ചോര
ചേർന്നൊഴുക്കുമ്പോഴും
കൈകഴുകിയൊരുങ്ങുന്ന വിരുന്നുകളിൽ
വിത്തുകൾ
വാണിഭച്ചരക്കുകൾ
വിൽപ്പന നിയമങ്ങൾ
ബാധകമെന്നതിനാൽ വെറും
പണയവസ്തുക്കൾ!

തലച്ചോറുവേവുന്ന
വിഭവം വിളിമ്പാറാകുന്ന
വിശാലമായിരിയ്ക്കാം
വിനോദവർത്തമാനങ്ങൾ തുടരാം.....

**Stanlina Bai**



Jyothy K.Bhasker
UPSA

# ഒറ്റവൈക്കോൽ വിപ്ലവങ്ങൾ

ഇവിടെ നിലം കാട് പൂത്തതാണ്
കരിയിലകളുടെ
ഉള്ള കത്തിച്ചൊരുക്കലില്ല.
വളരുന്ന വേരുകളിൽ
അധിനിവേശപ്പിടിമുറുക്കലില്ല.

ആഴങ്ങളുഴുതു മറിക്കലോ
ആത്മാവ് കുഴിച്ചാഴ്ത്തലോ
കൃത്യമാർന്നിടവേളകളിൽ
ജല തർപ്പണമോ ഇല്ല.



ഇലകൾക്കുമേൽ
ഇല്ലാത്ത ചിരിയുടെ
കീടനാശിനി തളിക്കലില്ല.
മനസ്സ് മുരടിപ്പിച്ച്
കൊടും വള പ്രതീക്ഷകളില്ല.

വിരിഞ്ഞതോ വിരിയാനുള്ളതോ
പൂക്കളിൽ
കടും നിറച്ചമയങ്ങളില്ല.
പരിപാലന പകർന്നാട്ടമോ

പരിഭവപ്പഴപ്പിക്കലോ

തെല്ലുമില്ല.

വെറുതെ ഒരു വിത്ത്...

വെറുതെ ഒരു പിടി മണ്ണ്...

വെറുതെയിത്തിരി നനവ്...

ചേർത്ത്കുഴച്ചൊരുരുള

എങ്ങോട്ടെന്നില്ലാത്തൊരേറ്.

എങ്കിലും

എപ്പോഴെങ്കിലും വഴി കടക്കവേ

മനം നിറച്ചൊരു കാട്

കവിളുണക്കിയൊരു കാറ്റ്.

വിതർന്നൊരു പൂവ്.

തുടുത്തൊരു ഫലം.

അതെ

സൗഹൃദങ്ങളെന്നും

ഒറ്റവൈക്കോൽ വിപ്ലവങ്ങളാണ്!!!

# പാചകക്കുറിപ്പ്

## അറേബ്യൻ ഷെയ്ഖ്

ചേരുവകൾ:-

പാൽ, ബദാം, ഡ്രൈ ഫ്രൂട്ട്സ്, ബൂസ്റ്റ്,
ചെറുപഴം, ഐസ്ക്രീം, പഞ്ചസാര.

## തയ്യാറാക്കേണ്ട വിധം:



പാൽ ഫ്രിഡ്ജിൽ വച്ച് ഐസ് രൂപത്തിലാക്കിയ ശേഷം പഞ്ചസാര ചേർത്ത് മിക്സിയിലിട്ട് അടിച്ചെടുക്കുക.
ശേഷം ബദാം ആവിശ്യത്തിന് ചേർത്ത് ചെറുപഴവും ബൂസ്റ്റും ചേർത്ത് ഒന്നുകൂടി നന്നായി അടിച്ചെടുക്കുക.ശേഷം ഗ്ലാസുകളിലൊഴിച്ച് മുകളിൽ ഡ്രൈഫ്രൂട്ട്സും, ബൂസ്റ്റും കൊണ്ടലങ്കരിക്കുക.
**അറേബ്യൻ ഷെയ്ഖ് റെഡി........**

# സഹദിയ IX B

•

## *Cleanliness begins at home*

I and my friends are part of a cleanliness initiative, were we volunteer to install waste bins all over the city. I encourage other people to either join our crew or assist us.

***

I try to keep my home and surroundings clean by removing litter. In school, we have a separate bins for recyclable and non- recyclable waste. We follow this method diligently.

***

There are many ways to keep our surroundings clean as an individual, we can start from keeping our home clean. Every house generates waste. In my home, we discard garbage separately as biodegradable and non-biodegradable waste. To reduce air pollution, we should plant more trees.

***

cleanliness is important for a healthy living. I like to clean my room while

listening to songs so that it doesn't feel like doing a work . First of all, we must be clean and tidy before we insist others to be. Our action should make a difference before our words do. Young people tend to follow their elders. So we have to be conscious in what we do. I involve neighbouring kids in cleaning the surroundings. It is more of a play than work. They have fun without knowing that day are contributing to the society.

***

keeping our environment clean will lead to a healthy life. Cleanliness should be initiated in home. I ensure that my home is neat and tidy. It is necessary to dispose trash responsibly. Dumping and burning OFI waste is a major problem in our cities today. I also ensure dirty water is not stagnant in my surroundings.

By...,
FATHIMATHU SAHALA IX B

# ആരോഗ്യം തരും വെള്ളക്കടല

വെള്ളക്കടല നമ്മുടെ പ്രഭാത ഭക്ഷണത്തിന്റെ ഭാഗമാണ്. രുചികരമായ വെള്ളക്കടല ആരോഗ്യ ഗുണങ്ങളിൽ മികച്ചതാണ്. ഫോസ്ഫേറ്റ്, മഗ്നീഷ്യം,അയൺ, സിങ്ക്, മാംഗനീസ്,കാൽസ്യം, പ്രോട്ടീൻ, വിറ്റാമിൻ കെ, വിറ്റാമിൻ സി,നാരുകൾ, എന്നിവയ്ക്ക് പുറമെ ധാരാളം ആന്റി ഓക്സിഡന്റുകളും വെള്ളക്കടലയിലുണ്ട്. ഓക്സിഡന്റുകൾ മാരകരോഗങ്ങളെ പ്രതിരോധിക്കും.അസ്ഥികളുടെ ആരോഗ്യം മെച്ചപ്പെടുത്തുകയും അസ്ഥിസംബന്ധമായ രോഗങ്ങളെ പ്രതിരോധിക്കുകയും ചെയ്യും. തലച്ചോറിന്റെ വികസനം ഉറപ്പാക്കുന്നു. വെള്ളക്കടല സ്ഥിരമായി ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് മുടി കൊഴിച്ചിൽ തടഞ്ഞ് മുടിയുടെ വളർച്ച ഉറപ്പാക്കുന്നു. നാരുകളുടെ സാന്നിദ്ധ്യം ധാരാളം ഉള്ളതിനാൽ ദഹനം മെച്ചപ്പെടുത്തുന്നതിനൊപ്പം കൊളസ്ട്രോളിനെ പ്രതിരോധിക്കാനും ഇതിന് കഴിവുണ്ട്.കാൽ

സ്യത്തിന്റെ കലവറയായതിനാലും തലച്ചോറിന്റ വികാസത്തിന് സഹായിക്കുന്നതിനാലും കുട്ടികളുടെ പതിവ് ഭക്ഷണത്തിൽ വെള്ളക്കടല ഉൾപ്പെടുത്തണം. വിറ്റാമിൻ സി ചർമ്മത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തും.

Muhagir Jamal 8B

## മടിയൻമാർ

ഒരിടത്ത് ഒരു പാവം കൃഷിക്കാരൻ ഉണ്ടായിരുന്നു.അയാൾക്ക് നാല് മക്കൾ ഉണ്ടായിരുന്നു.അവർ മഹാമടിയൻമാരായിരുന്നു.കൃഷിയിലെ വരുമാനം കൊണ്ടാണ് അയാൾ മക്കളെ വളർ ത്തിയത്.കൃഷി ചെയ്യാതെ വെറുതെ നടക്കലായിരുന്നു അവർ.തന്റെ കാലം കഴിഞ്ഞാൽ ഇവർ എങ്ങനെ ജീവിക്കും എന്ന് ആലോചിച്ച് അയാൾ വിഷമിച്ചു.ഒരുനാൾ ആ കർഷകൻ അസുഖം ബാധിച്ച് കിടപ്പിലായി.കർഷകൻ മക്കളെ വിളിച്ച് പറഞ്ഞു.ഞാൻ മരിക്കാൻ പോകുകയാണ്.നിങ്ങൾക്ക് കൃഷി ചെയ്യാൻ അറിയില്ല.ഞാൻ പറമ്പിൽ ഒരു നിധി കുഴിച്ചിട്ടിട്ടുണ്ട്.അതു കൊണ്ട് നിങ്ങൾ ജീവിക്കുക.കുറച്ച് ദിവസങ്ങൾക്ക് ശേഷം കർഷകൻ മരിച്ചു.പത്തായത്തിലെ നെല്ല് തീർന്നു.എന്നിട്ടും അവർ നിധി കണ്ടു പിടിച്ചില്ല.അങ്ങനെ അവർ ദാരിദ്ര്യത്തിൽ തന്നെ ജീവിച്ചു.

BISMI SIDHEEQ

3 A

# അമ്മയുടെയും അച്ഛന്റെയും കരടിയുടെയും ഒരുക്കഥ

രകനും കുകിയും കൃഷിക്കാരാണ്. അവർ ചേന, ചേമ്പ്, തണ്ണി- മത്തൻ തുടങ്ങി പലതും കൃഷി ചെയ്തു. ഒരു ദിവസം രകൻ ചന്തനക്കാട്ടിലൂടെ വരുകയായിരുന്നു. തലയിൽ ഒരു കെട്ട് മധുരക്കിഴങ്ങ് വള്ളികൾ.പെട്ടെന്ന് സുമ്പുക്കരടി മുമ്പിലേക്ക് എടുത്ത്ചാടി." നിൽക്കവിടെ"."അയ്യോ ഉപദ്രവിക്കരുതേ" രകൻ അലറിക്കരഞ്ഞു. "എന്നെ വെറുതെ വിട്ടാൽ ഇതു വിളയുമ്പോൾ പാതി നിനക്കും തരാം". "ശരി, ഇപ്പോൾ നീ പൊയ്ക്കോ. വിളവെ- ടുക്കുമ്പോൾ ഞാൻ വരാം."കരടി പറഞ്ഞു. രകനും കുകിയും വിളകൾ നട്ടു. അങ്ങനെ വിളവെടുപ്പ് ദിവസമെത്തി. "സുമ്പുക്കരടി വരുമോ?" കുകി വിഷമത്തോടെ ചോദിച്ചു. തൂമ്പയും അരിവാള- മായി രകൻ വയലിലെത്തി. ചട്ടിയുമെടുത്ത്പിന്നാലെ കുകിയും. "എത്ര നേരമായി കാത്തിരിക്കുന്നു. എനിക്കുള്ള വീതം തന്നാട്ടെ".കരടി പറഞ്ഞു. "സുമ്പുക്കരടി നിനക്ക് ചെടിയുടെ മുകൾ ഭാഗം വേണോ അതോ അടി ഭാഗം മതിയോ?" "എനിക്ക് മുകൾ ഭാഗം മതി." അരിഞ്ഞെടുത്ത വള്ളിക്കെട്ട് കുകി സുമ്പുവിന് തലയിൽ വച്ചുകൊടുത്തു. സന്തോഷത്തോടെ സുമ്പു തിരിച്ച് കാട്ടിലേക്ക് തിരികെ നടന്നു. ഇവനൊരു വിഡ്ഢിതന്നെ. കുകി പറഞ്ഞു;കിളച്ചെടുത്ത മധുരക്കിഴങ്ങുമായി രകൻ ചന്തയിലേക്കും പുറപ്പെട്ടു.

RAJIYA KATHOON

3 A

# ഈ തലമുറയെങ്ങോട്ട്

'ഭാവിവാഗ്ദാനങ്ങൾ,നാളെയുടെ പ്രതീകങ്ങൾ' എന്നൊക്കെ നാം സ്വപ്നം കണ്ടിരുന്ന ഇന്നത്തെ തലമുറ നാടിന് നൽകുന്ന ത് പ്രതീക്ഷയോ നിരാശയോ?

നന്മയേത് തിന്മയേത് എന്ന് തിരിച്ചറിയുന്നപ്രായത്തിൽ അത്ബോധ്യപ്പെടുത്തിക്കൊടുക്കാൻ കഴിയാതെ മാനസീക പീഡനം എന്ന ഓമനപ്പേരിട്ടു വിളിക്കുന്ന സംസ്കാരം.

യാഥാർത്ഥത്തിൽ ആരാണ് ഇവിടെ മാനസിക പീഡനം അനുഭവക്കുന്നത്? സംശയിക്കേണ്ട അധ്യാപകർ തന്നെ.കൺമുന്നിൽ കാണുന്ന അന്യായങ്ങളെ തിരുത്തിക്കൊടുക്കാൻ കഴിയാതെ വീർപ്പുമുട്ടുന്ന വിഭാഗം.മൂല്യബോധമില്ലാതെ ഒന്നിനോടും ബാധ്യതയില്ലാതെ സ്വർത്ഥ ചിന്തയോടെ വളർന്നു വരുന്ന
തലമുറ സത്യവും സ്നേഹവും ദയയും നന്മയും അച്ചടക്കവും അനുസരണയും പോലുള്ള നല്ല ശീലങ്ങൾ പഠിച്ച് വളരേണ്ട
കുട്ടിക്കാലം ഇന്ന് ഏത് അവസ്ഥയിലാണ്.

നമുക്ക് വളരെ ഉപകാര പ്രദമായ ഒരു വസ്തുവാണ് മൊബൈൽ ഫോൺ.എന്നാൽ അതിന്റെ ദുരുപയോഗവും മദ്യം,മയക്കുമരുന്ന് മറ്റ് ലഹരി

പദാർത്ഥങ്ങൾ തുടങ്ങിയവയുടെ ഉപയോഗവും ഈ തലമുറയെ നാശത്തിലേയ്ക്ക് നയിക്കുന്നു. പരസപരം മുഖത്തുനോക്കാതെ ഹൃദയത്തിൽ തൊട്ട് സംസാരികരിക്കാൻ മറന്നുപോകുന്നു, അല്ലങ്കിൽ കഴിയുന്നില്ല.ഇത് കുട്ടികളേയും യുവാക്കളെയും മാത്രമല്ല മുതിർന്നവരേയും ബാധിച്ചിരിക്കുന്ന രോഗമാണ്. ഇന്ന് മിക്കവാറും കുടുബങ്ങളിൽ ഒന്നോ രണ്ടോ കുട്ടികളാണുള്ളത്. അതുകൊണ്ട് അവർ പറയുന്നതെല്ലാം നേടിക്കൊടുത്ത് ശകാരിക്കാതെ വേദനിപ്പിക്കാതെ താലോലിച്ച് വളർത്തുന്നു. ശരിയേത് തെറ്റേത് എന്ന അറിവ് അവർക്കില്ലാതായിരിക്കുന്നു. ഈ സാഹചര്യത്തിൽ ഒരു പ്രതികൂലാവസഥയെ നേരിടേണ്ടി വരുമ്പോൾ ആത്മഹത്യ പോലുള്ള സംഭവങ്ങൾ ഉണ്ടാകുന്നു.

വാസഥവത്തിൽ ഇതിനുത്തരവദികൾ ആരാണ്? ചിന്തിക്കേണ്ട സമയമായിരിക്കുന്നു. കുട്ടികളുടെ മാനസിക വളർച്ചക്ക് മതാപിതാക്കളുടെ പങ്ക് വളരെ വലുതാണ്. സ്നേ്ഹിക്കുന്നതോടോപ്പം ചെറിയ ചെറിയ ശിക്ഷകളുമാവാം.അത് കുട്ടിക്ക് മനസിലാകുന്ന രീതിയിലാകണം.

സാമൂഹ്യ ജീവതത്തിൽ ഏത് സന്ദർഭത്തെയും അതിജീവിക്കാനുള്ള ശേഷി മനസ്സിന് ഉണ്ടാക്കിയെടുക്കണം.അത് വേദനയോ ദുഖമോ നിരാശയോ ദേഷ്യമോ കളിയാക്കലോ ഏതുമാകട്ടെ. കുട്ടികളിൽ വിദ്യഭ്യാസം മാത്രമല്ല ആരോഗ്യകരമായ വ്യക്തിത്വംകൂടി വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.അതിന് അധ്യാപകർക്കൊപ്പം മാതാപിതാക്കൾക്കും സമൂഹത്തിനും നിസ്തുലമായ ഉത്തരവാദിത്വമുണ്ട്.

-ജാൻസി ടീച്ചർ

# എൻ വിദ്യാലയം



കാലമേ നീ കടന്ന്പോയി

എൻ ഓർമയാം വിദ്യാലയം

സ്വപ്നമാം എൻ കൂട്ടുകാർ

നിറഞ്ഞിരുന്നൊരു വിദ്യാലയം
ഉള്ളിൽ  അറിവ് നിറയ്ക്കുമെൻ അധ്യാപകർ
എൻ ഹൃദയത്തിൽ ഗുരുതുല്യരാണവർ
അവർ തന്നമൊഴികൾ
എന്റെ ജീവിതത്തിൽ ഞാൻ നിരസിച്ചുവോ
അതോ എന്റെ ജീവിതത്തിൽ
തെളിയിച്ചുവോ
സ്നേഹം നിറഞ്ഞ എൻ വിദ്യാലയം
അറിവ് തന്ന എൻ ഗുരുനാഥൻ
നല്ല സഹപാഠികൾ എൻ കൂട്ടുകാർ
അറിവ് തരുമെൻ നല്ല വിദ്യാലയം

AYSHA MOL P.S
9A

## കരിമ്പൂച്ച

കണ്ണുംപ്പൂട്ടി പാഞ്ഞുവരുന്ന
ഞങ്ങടെ സ്വന്തം കരിമ്പൂച്ച
മീനും തിന്ന് കാലും നീട്ടി
വരുന്ന എന്നുടെ കരിമ്പൂച്ച
മണി മണി ശബ്ദം
മുഴക്കിക്കൊണ്ട് പതുങ്ങി
വരുന്ന കരിമ്പൂച്ച.......
പാലുകുടിക്കും കരിമ്പൂച്ച



മോരുകുടിക്കും കരിമ്പൂച്ച
കൂട്ടുകാരുടെ കൂടെ കൂടി
കളിക്കുന്ന കരിമ്പൂച്ച

-FARSANA -
7 B

## ക്ലാസ് മുറിയിലെ കുഞ്ഞിപ്രാവ്

ഗ്രാമത്തിലെ സ്കൂളിൽ രണ്ടാം ക്ലാസിലാണ് കിങ്ങിണി പഠിക്കുന്നത്. സ്കൂൾ തുറക്കുന്ന ദിവസം പുത്തനുടുപ്പും സ്കൂൾ ബാഗും പുള്ളിക്കുടയുമൊക്കെയായി കിങ്ങിണി സ്കൂളിലെത്തി.

ക്ലാസിലെത്തിയ കിങ്ങിണി കൂട്ടുകാരെല്ലാം ഒരിടത്ത് വട്ടമിട്ടുനിൽക്കുന്നത് കണ്ടു. കിങ്ങിണി അവിടെക്ക് ചെന്നു. തറയിൽ അതാ ഒരു പ്രാവിൻ കുഞ്ഞ് വീണ്കിടക്കുന്നു. വേനലവധിക്ക് അടച്ചിട്ട ക്ലാസ് മുറിയിൽ കുടുക്കുട്ടിയ പ്രാവിന്റെ

കുഞ്ഞായിരുന്നു അത്. കുട്ടികൾ അതിനു നേരെ കടലാസ് ചുരുട്ടി എറിയുകയും വെള്ളം തെറിപ്പിക്കുകയും ചെയ്യുന്നുണ്ട്. 'ക്രൂർ...ക്രൂർ...'

പെട്ടെന്നാണ് അമ്മ പ്രാവ് അവിടെക്ക് പറന്ന് വന്നത്.'ശൂ...ശൂ...

പോ...' കുട്ടികൾ ആർപ്പുവിളികളോടെ അമ്മ പ്രാവിനെ ഓടിച്ചു-

വിട്ടു. അമ്മ പ്രാവ് സങ്കടത്തോടെ ക്ലാസ് മുറിയുടെ ചുമരിൽ ഇരിപ്പായി അതുകണ്ട്

കിങ്ങിണിക്ക് വിഷമം വന്നു. "ഈ കുഞ്ഞി പ്രാവിനെ ഉപദ്രവിക്കല്ലേ..." കിങ്ങിണി ഓടിച്ചെന്ന്

പ്രാവിൻ കുഞ്ഞിനെ കയ്യിലെടുത്തു. ബഹളം കേട്ട് ടീച്ചർ

ക്ലാസിലേക്ക് വന്നു. ടീച്ചർ കിങ്ങിണിയുടെ കയ്യിലിരുന്ന

പ്രാവിൻ കുഞ്ഞിനെ കണ്ടു.

" കിങ്ങിണി...പ്രാവുമായാണോ ക്ലാസിൽ വരുന്നത്?"

ടീച്ചർ ചോദിച്ചു കിങ്ങിണി ക്ലാസിൽ നടന്ന കാര്യങ്ങൾ ടീച്ചറി-

നോട് പറഞ്ഞു.

കുഞ്ഞുങ്ങളെ നമ്മൾ ചുറ്റുമുള്ള ജീവജാലങ്ങളെ

സ്നേഹിക്കാനാണ് ആദ്യം പഠിക്കേണ്ടത്. നിങ്ങൾ ആ കുഞ്ഞി

പ്രാവിനെ ഉപദ്രവിച്ചത് ശരിയായില്ല "ടീച്ചർ മറ്റു കുട്ടികളോട്

പറഞ്ഞു. ടീച്ചർ പ്രാവിൻ കുഞ്ഞിനെ എടുത്ത് സുരക്ഷിതമായ

ഒരു സ്ഥലത്തു വച്ചു അൽപ്പസമയം കഴിഞ്ഞപ്പോൾ അമ്മപ്രാവ്

അവിടേക്ക് വന്നു. അത് കിങ്ങിണിയെ നന്ദിയോടെ നോക്കിയിട്ട്

കുഞ്ഞിനേയും കൊണ്ട് ദൂരത്തേക്ക് പോയി.

RAMEESA V.S
3 B

# പൂച്ചയും മുയലും

ഒരു ദിവസം കാട്ടിലൊരു മുയലും പൂച്ചയും അവരുടെ കഴിവിനെ ചൊല്ലിതർക്കമാരംഭിച്ചു. എടാ പൂച്ചേ ഇത്രയും വലിയ ഓട്ടക്കാരനായ എന്നേ നിനക്ക് എങ്ങനെ തോൽപ്പിക്കാൻ കഴിയും?ഒന്നു പറഞ്ഞേ. എന്നാൽ പൂച്ചയത്   സമ്മതിച്ച് കൊടുക്കാൻ തയ്യാറായില്ല. നിനക്ക് എന്നെക്കാൾ വലുപ്പമുണ്ടാകും. പക്ഷേ ഓട്ടത്തിൽ



എന്നെ ജയിക്കാൻ പറ്റുമോ എന്ന് നമുക്ക് പന്തയം വെച്ചുനോക്കാം. അങ്ങനെ ഓട്ടമത്സരത്തിന്റെ അന്ന് കാട്ടിലെ എല്ലാ മൃഗങ്ങളും മത്സരം കാണാൻ തയ്യാറായി വന്നു. മത്സരത്തിൽ വിധി പ്രഖ്യാപിക്കുന്നത് സിംഹ രാജനാണ്. ജിറാഫ് ഉറക്കെ കര ഞ്ഞപ്പോൾ  ഓട്ടമത്സരം ആരംഭിച്ചു.

മുയൽ അതിവേഗം ഓടിക്കൊണ്ടിരിക്കുന്നു.പക്ഷേ  പൂച്ച മെല്ലെ മെല്ലെ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. വേഗത്തിൽ ഓടിക്കൊണ്ടിരുന്ന മുയൽ പെട്ടന്ന് തന്നെ ഫിനിഷിംഗ് പോയിന്റിനടുത്തുള്ള മരത്തണലിൽ നിന്നു.അതിവേഗത്തിൽ ഓടിയതിനാൽ അവൻ കിതക്കുന്നുണ്ടായിരുന്നു. അവൻ  ചിന്തിച്ചു:പൂച്ച ഇപ്പോൾ ഇവിടെ എത്താൻ പോകുന്നില്ല.ഞാൻ ഇങ്ങനെ കിതച്ച് ഫിനീഷിംഗ്-പോയിന്റിൽ എത്തുന്നത് മോഷമാണ്. കുറച്ച് നേരം വിശ്രമിക്കാം. ഇങ്ങനെ വിചാരിച്ച് മുയൽ മരത്തണലിൽ ഉറങ്ങി. വിശ്രമിക്കാതെ സാവധാനം നടന്ന് പൂച്ചയും ഫിനിഷിംഗ് പൊയിന്റിനടുത്തെത്തി. അവൻ എവിടെയും വിശ്രമിക്കാനായി നിന്നില്ല. അങ്ങനെ പൂച്ച വിജയിച്ചു. ഇതു കണ്ട് കാണികളായ എല്ലാ മൃഗങ്ങളും ആർത്ത് വിളിച്ചു.

NAJMA NAJEEB-



# പ്രയോജനം

"നാസറുദ്ദീൻ ജനങ്ങൾക്ക്കൂടുതൽ പ്രയോജനം നൽകുന്നത് സൂര്യനാണോ അതോ ചന്ദ്രനോ?"

രാജാവിന്റെ ചോദ്യത്തിന് മുല്ല ഉടൻ തന്നെ മറുപടി നൽകി.

"തിരുമേനി സൂര്യനേക്കാൾ പ്രയോജനം ജനങ്ങൾക്ക് ചന്ദ്രനാണ്."

"എന്താണ് അതിനുള്ള കാരണം നാസറുദ്ദീൻ?"

"തിരുമേനീ.രാത്രിയിലല്ലെ നമുക്ക് വെളിച്ചത്തിന്റെ ആവശ്യം. നമുക്കതു് നിറവേറ്റിത്തരുന്നത് ചന്ദ്രനല്ലേ?"

ഇതായിരുന്നു രാജാവിന്റെ ചോദ്യത്തിന് മുല്ല നൽകിയ മറുപടി.

## ബ്ളോഗെഴുത്തിലെ സാധ്യതകൾ;

## സോഷ്യൽ മീഡിയയിലൂടെയും

*ആശയ വിനിമയരംഗത്ത് അത്യുത്ഭുതകരമായ മാറ്റങ്ങളാണ്*

സംഭവിച്ചു കൊണ്ടിരിക്കുന്നത്.വിവരവിനിമയ-സാങ്കേതിക
 വിദ്യകളും സൗകര്യങ്ങളും ലോകത്ത് കൈ-
വരിച്ച നേട്ടം ഏതാനും വർഷങ്ങൾക്ക് മുമ്പ്സങ്കൽപ്പിക്കാൻ

പോലും സാധ്യമായിരുന്നില്ല. ഇന്റെർനെറ്റ് അക്ഷരാർത്ഥ-

ത്തിൽ കൈപിടിയിലൊതുങ്ങി.ആദ്യമൊക്കെ വിപ്ലവകര- മായ സാങ്കേതിക

സൗകര്യങ്ങളായി അറിയപ്പെട്ടിരുന്ന പലതും പഴഞ്ചനായി മാറിയിരിക്കുന്നു.

ആൻഡ്രോയിഡിന്റെ കടന്നുവരവ് വലിയ അത്ഭുതങ്ങൾതന്നെയാണ്

ലോകത്തിന് സമ്മാനിച്ചിട്ടുള്ളത്.ഇനിയും പുതിയ പലതും ഗൂഗിളിന്റെ

അണിയറയിൽ ഒരുങ്ങുന്നുമുണ്ട്.സാധാരണ- ക്കാരുടെ ജീവിതത്തിന്റെ തന്നെ

ഓപ്പറേറ്റിംഗ്സിസ്റ്റം ആൻഡ്രോയ്ഡുകളായി മാറിയിരിക്കുന്നു.

അന്തർദേശിയം മുതൽ പ്രാദേശികമായ

കാര്യങ്ങലൾ വരെ ട്വിറ്ററും ഫേസ്ബുക്കും ബ്ലോഗുകളു- മൊക്കെ

വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് അതിവിപുലമാണ്. കാലം

മാറിക്കൊണ്ടേയിരിക്കുന്നു.ആശയവിനിമയ രീതി പിന്നെയും വളർന്നു

കൊണ്ടിരിക്കുന്നു. വരും നാളുകളിൽ ഇനി എന്തെല്ലാം

മാറ്റങ്ങളാണുണ്ടാവുകയെന്ന് പ്രവചിക്കാ നാവില്ല.

രണ്ടായിരാമാണ്ടിന്റെ തുടക്കത്തിൽ

ഫ്രീസർവ്വുകൾ വഴി നിർമ്മിക്കുന്ന വെബ് പേജുകൾ

മുഖേനയായിരുന്നു സാധാരണ ഉപയോക്താക്കൾ

ബ്ളോഗിങിന് തുടക്കം കുറിച്ചിരുന്നത്. ഹൈപർടെക്സ്റ്റ്

മാർക്കപ്പ് ലാംഗേജ്(HTML) അറിയാവുന്നവർക്ക് മാത്രമേ

ഇത്തരം പേജുകൾ ക്രിയേറ്റുചെയ്യാൻസാധിക്കുമാ -

യിരുന്നുള്ളൂ. താമസിയാതെ ഫ്രീസർവർ ദാതാക്കൾ തന്നെ

ലേ ഔട്ടുകളും ഫോർമാറ്റ്കളും ഒരുക്കിക്കൊണ്ടുള്ളസേവന-

ങ്ങൾ അനുവധിച്ചു തുടങ്ങി. ഇത്തരം പേജുകൾ ഉപയോഗ-

പ്പെടുത്തുന്നവരുടെ എണ്ണവും ക്രമേണ വർധിച്ചു കൊണ്ടി-

രുന്നു. പിന്നീട് ബ്ലോഗ് സ് പോട്ട് സർവറുകളിലേക്ക്

മാറിയപ്പോൾ എളുപ്പത്തിൽ ബ്ളോഗ്സ് പോട്ട് പരിപാലിക്കാൻ

സാധിക്കുമെന്നതും ഈ മീഡിയ ധാന്യകഗതിയിൽ വളരാൻ

കാരണായി.ബ്ളോഗിംഗ് എന്നാൽ ഒരു വിധതടസങ്ങളുമില്ലാതെ തങ്ങൾക്ക്

പറയാനുള്ളത് പൊതു ജനങ്ങളിലേക്ക് എത്തിക്കാ- നുള്ള മാധ്യമമായി

പ്രശസ്തമായിരിക്കുന്നു. ഗൗരവമുള്ള എഴുത്തുക്കാരും വിരിശ്യ മാധ്യമമായി പ്രവർ

ത്തകരും ബ്ളോഗിങിനോട് തുടക്കത്തിൽ അകലം പാലിച്ചിരുന്നവെങ്കിലും

ഇപ്പോൾ മുഖ്യധാരാ മാധ്യമങ്ങളും മാധ്യമപ്രവർത്തകരും ബ്ലോഗ്

എഴുതുന്നുണ്ട്.ബ്ലോഗ് അക്കാദമി ജാലകം പോലുള്ള സൈബർ ഇടങ്ങളിലൂടെ

ബ്ലോഗുകളിലെ പുതിയ പോസ്റ്റുകൾ കണ്ടെത്താനാവും. ഏറെ പ്രചാരമുള്ള

എഫ്.ബിയും

ട്വിറ്ററും തുടങ്ങിയ സോഷ്യൽ മീഡിയകളിലൂടെ ബ്ളോഗുകളിലൂടെ

ബ്ലോഗുകളെയും അതതുപോസ്റ്ററുകളേയും അനായാസം പരിചയപ്പെടുത്തുവാനും

സാധിക്കും.

മനസിൽ രൂപപ്പെടുന്ന ആശയങ്ങളുടെ ഹ്രസ്വമായ രൂപം എഫ്.ബിയിൽ പോസ്റ്റ് ചെയ്യുമ്പോൾ ലഭിക്കുന്ന പ്രതികരണങ്ങളെ അടിസ്ഥാനപ്പെടുത്തി വിപുലമായ രചനകൾ സാവകാശം ബ്ളോഗിൽ കുറിക്കുന്ന രീതിയും അവലംബിക്കാവുന്നതാണ്. ഏതുവിശയത്തേയും എങ്ങനെ സമീപിക്കുന്നു എന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

ബ്ളോഗിൽ പോസ്റ്റ് ചെയ്ത ശേഷം എത്ര പേർ വായിച്ചു ഏതെല്ലാം പ്രദേശത്ത് ഉള്ളവർ ഏതൊക്കെ ദേശക്കാർ തുടങ്ങി വായനക്കാർ ഉപയോഗപ്പെടുത്തിയ ഡിവൈസുകൾ വരെയുള്ള സ്റ്റാറ്റസുകൾ ബ്ളോഗ് സെറ്റിങ്ങിൽ നിന്നും നിരീക്ഷിക്കാൻ കഴിയും.

സോഷ്യൽ മീഡിയകളിലെ ഏത് സാധ്യതകളേയും എന്ന പോലെ ബ്ലോഗെഴുത്തിലെ സാധ്യതകളും അനന്തമാണ്. ആത്മാർപ്പണത്തോടെ യുക്തി ഭദ്രമായി ഉപയോഗപ്പെടുത്തിയാൽ നമ്മുടെ പ്രസാരണ രംഗത്ത് വിപ്ലവങ്ങൾ സൃഷ്ടിക്കാൻ സാധിക്കും എന്നതിൽ ഒരു തർക്കവുമില്ല.

*FARISA BEEVI P.H*

*B.ED TRAINEE*

*SRI NARAYANA COLEGE*

# സംസർഗം

ഒരിക്കൽ പണക്കരനായ ഒരു മൗലവി തനിക്ക് - നല്ല ശൂരത്തമുള്ളതും കടിക്കുന്നതുമായ ഒരു നായയെ കൊണ്ടുവന്ന് തരണമെന്ന് മുല്ലയോട് പറഞ്ഞു .

ഒരു ദിവസം ക്ഷീണിച്ച് എല്ലും തോലുമായ ഒരു നായയേയും കൊണ്ട് മുല്ല ധനികന്റെ ഗൃഹത്തിലെത്തി അദ്ദേഹത്തൊട് പറഞ്ഞു:

“ഇതാ താൻ ആവശ്യയപ്പെട്ട പ്രകാരമുള്ള നായ .” എഴുന്നേറ്റ നിൽക്കാൻ പോലും ശക്തിയില്ലാത്ത ആ നായയേ കണ്ട മൗലവി കോപിതനായി മുല്ലയോട് ചോദിച്ച :

“ നാസറുദ്ദീൻ ഇതാണോ ശൂരത്തമുള്ളതും കടിക്കുന്നതുമായ നായ.”

മൗലവിയുടെ ചോദ്യത്തിന് മുല്ല വളരെ ശാന്തനായി മറുപടി പറഞ്ഞു:

"പ്രഭോ ഇതൊരു ചാവാലി പട്ടിയായാലെന്താ? ഇതെന്നല്ല ഏത് നായയും അങ്ങയോടൊപ്പം കുറച്ചുകാലം ഇടപഴകുകയാണെങ്കിൽ കടിക്കാൻ മാത്രമല്ല കോല്ലാനും പഠിച്ചുകൊള്ളും"

-FATHIMATU SUHAILA M.M
9A

# നവ കേരളം ഏങ്ങനെയായിരിക്കണം.

പുനർനിർമ്മിക്കുന്ന കേരളത്തിൽ വികസന കാര്യങ്ങളിൽ പരിസ്ഥിതിയെപരിഗണിച്ചുകൊണ്ടുള്ള നയമാണ് രൂപപ്പെടുത്തേണ്ടത്. പരിസ്ഥിതി പ്രശ്നങ്ങൾ എന്നത് കേരളത്തിലെ ഓരോ പൗരന്റേയും വിഷയമാണ് എന്ന തിരിച്ചറിവ് ഉണ്ടാകണം. പല കാലങ്ങളായി പു ഴയിലേക്ക് വലിച്ചെറിഞ്ഞ മാലിന്യങ്ങൾ ഇന്ന് പ്രളയമെന്ന രൂപത്തിൽ നമുക്ക് തന്നെ തിരിച്ച ടിയായി.ഇത്തരം പ്രവണതകൾ മറന്ന് മനുഷ്യൻ പരിസ്ഥി




സംരക്ഷിക്കാനും നല്ല ഗുണങ്ങളോടെ അത് പുതിയ തലമുറക്ക് കൈമാറാനും വേണ്ടി പ്രവർത്തിക്കണം. പ്രളയാനന്തര കേരളത്തിൽ അതിജീവനത്തിനുള്ള ശ്രമങ്ങളിൽ എല്ലാവരും ഒറ്റക്കെട്ടായി നിന്ന് പ്രവർത്തിക്കണം. കൂടാതെ മനുഷ്യരിൽ മനുഷ്യത്വം വളർത്തണം. അയൽ വീട്ടുകളിൽ ആരാണ് താമസിക്കുന്നതെന്ന് പോലും അറിയാതിരുന്ന ഒരു കാലത്താണ് പ്രളയം വന്നത്. അനുഭവത്തിൽ നിന്നാണ് ഓരോ മനുഷ്യനും നല്ല ഒരു വ്യക്തിയാകുന്നത്. ഇത്തരത്തിൽ പരസ്പരം അറിയാത്തവരാണ് സഹായത്തിനായി കൈനീട്ടിയത്. പുതിയ കേരളം കെട്ടിപ്പടുക്കുന്നത് മനുഷ്യത്വത്തിന് മുകളിലായിരിക്കണം. ഈ പ്രളയം വലിയവനെന്നും ചെറിയവനെന്നും നോക്കാതെ എല്ലാം കൊണ്ടുപോയി. ഈ പ്രളയത്തിൽ മനുഷ്യർ ജാതിമതം നോക്കാതെ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. അവരിൽ പെട്ടെന്ന് മനുഷ്യസ്നേഹം ഉണ്ടായി. പ്രളയം പോലുള്ള ദുരിതങ്ങളിൽ മാത്രമല്ല മനുഷ്യരിൽ മനുഷ്യസ്നേഹം ഉണ്ടാകേണ്ടത്. ഇത് മനസ്സിലാക്കിയാൽ ഇതിലും വലിയ പ്രളയം പോലും നമുക്ക് ഒറ്റക്കെട്ടായി നിന്ന് ചെറുക്കാൻ സാധിക്കും. ഈ നവകേരളത്തിൽ സ്ത്രീക്കും പുരുഷനും തുല്യ അവകാഷങ്ങളാണ് ഉണ്ടാകേണ്ടത്. ഇവരുടെ വ്യക്തിത്ത്വത്തെയും അവകാഷങ്ങളെയും പൂർണ്ണമായി അംഗീകരിക്കുന്ന ഒരു സിസ്റ്റം ആയിരിക്കണം നവകേരളം. കേരളം പുതിയ ആശയങ്ങളോടെ ഉണർവോടെ ഉണരണം. ആ കേരളം മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നതായിരിക്കണം. കൂടാതെ സാമൂഹികനീതി ഉയർത്തിപ്പിടിക്കണം. മതവും ജാതിയും നിറവും കൊടിയുമൊക്കെ മറന്ന് മലയാളികൾ ഒരു നല്ല

മനുഷ്യനായിത്തീരുകയും
ഒരു നല്ല കേരളത്തെ ഉയർത്തിക്കൊണ്ട് വരുകയും ചെയ്യുക . കൂടാതെ നാടിനെ നടുക്കിയ മഹാപ്രളയത്തിൽ നിന്ന് കേരളത്തെ കോരിയെടുക്കാൻ കൈമെയ്യ് മറന്ന് രാപ്പകലില്ലാതെ അധ്വാനിക്കാൻ മുന്നിട്ടിറങ്ങിയത്, ആർക്കും ഉപകാരമില്ല എന്ന് നാം പറഞ്ഞിരുന്ന ന്യൂ ജെനെറേഷനാണ്. കേരളമുള്ള കാലത്തോളം ഓർത്തിരിക്കാവുന്നതരം മഹനീയ സേവനമാണ് പുതുതലമുറ ചെയ്തത്. ഇത് അംഗീകാരം അർഹിക്കുന്ന പ്രവർത്തിയാണ്. കീടാതെ മത്സ്യത്തൊഴിലാളികളും, വ്യോമസേനയും എല്ലാം ഇതിൽ പ്രധാന പങ്കുവഹിക്കുന്നു. ഈ സഹകരണം എല്ലായ്പ്പോഴും നൽകി കേരളത്തെ തളരാതെ പിടിച്ചുനിർത്താൻ സാധിക്കും. അപ്രതീക്ഷിതമായുണ്ടായ പ്രളയത്തെ നമ്മുടെ നാട് ഒറ്റക്കെട്ടായി അതിജീവിച്ചു കഴിഞ്ഞു. പ്രളയാനന്തരം പുനർനിർമ്മിക്കുന്ന കേരളം ഇങ്ങനെയായിരിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു.

-നന്ദന ശശി-

*10A*


# പൈയുടെ ചരിത്രം



ഗണിതശാസ്ത്രത്തില് വളരെ പ്രാധാനമുള്ളതാണ് പൈ. 22/ആണ് പൈയുടെ ഏകദേശ വില. (22/7=3.1428571428) എന്നാൽ പൈ ഒരു അഭിന്നകമാണ് .3.14159...എന്ന പൈയുടെ ദശാംശരൂപം തുടങ്ങുന്നു. ഗ്രീക്ക് അക്ഷരമാലയിലെ പതിനാറാമത്തെ അക്ഷരമായ പൈ ഉപയോഗിച്ചാണ് ഇത് സൂചിപ്പിയ്ക്കുന്നത്

BY SRUTHY.S

*9B*




# ഗണിത ലോകം

1.ഗണിത വർഷം

- 2012

2.ഗണിത ശാസ്ത്ര ദിനം

-ഡിസംബർ 22

3.രാമാനുജജൻ സംഖ്യാ

- 1729

4 . ഗണിതശാസ്ത്ത്തിന്റെ പിതാവ്

-പൈഥഗോറസ്



5. ആധുനിക ഗണിത ശാസത്രത്തിന്റെ പിതാവ്

-റെനെ ദക്കർത്തെ

6. ജ്യാമിതിയുടെ പിതാവ്

-യൂക്ലിഡ്

7.ഗണിത ശാസ്ത്രത്തിൻെറ ബൈബിൾ

-എലമെന്റ്സ്

8.ഗണിതത്തിലെ ആറ്റങ്ങൾ

-അഭാജ്യ സംഖ്യകൾ.

BY : SRUTHY.S
*9B*

# SACRIFICE OF A MOTHER



Once up on a time there lived a king in the kingdom of jodhpur.His name was rajah.As soon as a son was born to him the mother died.There was not one to look after the prince.Therewas a young mother with a baby in the kingdom.She became the nurse of the prince.She lived in the palace and brought up the two children with love and care.Days passed.She knew the life of the prince was danger.There were enemies to kill the baby.So she filed the palace leaving her own baby here.The enemies some how entered the palace.They found a baby there.They killed the baby.The nurse loved the prince more than her own baby.She was even willing to sacrifice her own baby for the sake of saving the prime.She was property rewarded for her loyalty and sacrifice.

By:
Hannath k Muhammed

# മൗനം നടിയ്ക്കുന്നതെന്തേ.....

നിൻ ഹൃദയത്തെ കീറിപിളർത്തി
നിന്റെ കണ്ണീരാം ഉറവകൾ അടച്ച്
ആഴ്ന്നിറങ്ങിയ നിൻ വേരുകൾ
അടർത്തെടുത്ത്
ഉയർന്നല്ലൊ മണിമന്തിരങ്ങൾ ഉലകം
നിൻ ശ്വാസം വിഷപ്പുകയാൽ നിറഞ്ഞും
നിൻ വേഷം പച്ചയിൽ നിന്നടർന്നും
ഇന്നെവിടെ നിൻ സൗന്ദര്യം
ഇന്നെവിടെ നിൻ ആഹ്ലാദം
തകർന്നതറിയാതെ നീ നടിക്കുന്നതെന്തേ....
മൗനം നടിക്കുന്നതെന്തേ......

By: Hannath k Muhammed

## പുത്തനുണർവായി എസ്.പി.സി കേഡറ്റ്സും...........








# മികച്ച പി.റ്റി.എ



***കലോത്സവ മികവിൽ...............................***

# AWARD





